(5) ഒന്നും രണ്ടും ഘട്ടങ്ങളിലെ പണി പൂർത്തിയായിട്ടുണ്ട്. മൂന്നാം ഘട്ടത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

(6) പണി പൂർത്തിയായിട്ടുണ്ട്.

(7) പണി ആരംഭിച്ചിട്ടുണ്ട്.

നാദാപുരം മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ

1375. [1964] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ ടെണ്ടർ വിളിച്ച് പണിയാരംഭിക്കാതിരിക്കുന്നതിന്റെ കാരണമെന്താണ് ;

(ബി) അടിയന്തിരമായി പ്രസ്തുത റോഡിന്റെ പണികൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) എം. എൽ. എ. റോഡുകളിൽ ഒന്നായ കുറ്റ്യാടി–മുള്ളൽകുന്നു റോഡിന്റെ ആദ്യഘട്ടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ റോഡായ മോകേരി കായക്കൊടി പാലൊളി തൊട്ടിൽപ്പാലം റോഡിന്റെ ഒരു ഘട്ടത്തിന്റെ പണി തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാപ്പാല—പാങ്ങൽത്തടം എം. എൽ. എ. റോഡ്

1376. [1965] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. റോഡ് എന്ന പേരിൽ അറിയപ്പെടുന്ന കിളിമാനൂർ മണ്ഡലത്തിലെ പാപ്പാല പാങ്ങൽത്തടം റോഡ് എന്നാണ് ഗവൺമെന്റ് ഏറ്റെടുത്തത് ;

(ബി) റോഡിന്റെ പണി എന്നാരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

(സി) പൊരുന്തമൺ—കല്ലറ റോഡ് ഇതുവരെയും സർക്കാർ ഏറ്റെടുത്തിട്ടില്ലെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എത്രയും പെട്ടെന്ന് പ്രസ്തുത റോഡ് ഏറ്റെടുക്കാനും പണി ആരംഭിക്കാനും സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡ് ഏറ്റെടുക്കുന്നതിന് ജി. ഒ. ആർ. ടി. 1126/85/പി. ഡബ്ളിയു. എഫ്. ആൻറ് പി. പ്രകാരം 3-6-1985-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എസ്റ്റിമേറ് പൂർത്തിയാക്കി ഭരണാനുമതി, സാങ്കേതികാനുമതി മുതലായ ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് കൃത്യമായി പറയുവാൻ പ്രയാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly